"ഭരണഭാഷ-മാതൃഭാഷ"

**No.: DWCD/7/2025-E4**


വനിതാ-ശിശുവികസന ഡയറക്ടറുടെ കാര്യാലയം,

പൂജപ്പുര,തിരുവനന്തപുരം

തീയതി : 14-07-2025

E-Mail:wcdestablishment2017@gmail.com

Phone No.0471-2346534


<u>**പരിപത്രം**</u>

വിഷയം: വനിതാ-ശിശുവികസന വകുപ്പ് - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം - വിശദാംശങ്ങൾ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന: 1) 01-03-2024,29-09-2024,15-02-2025,23-03-2025 തീയതികളിലെ വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/6048/2023-E8 നമ്പർ ഉത്തരവുകൾ.

വനിതാ-ശിശു വികസന വകുപ്പിൽ, സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിൽ വരാൻ സാധ്യതയുള്ള ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആകയാൽ സൂചന പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ക്രമ. നം 7 0 വരെയുള്ള ജീവനക്കാരിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും ഉദ്യോഗക്കയറ്റത്തിനാവശ്യമായ ഡിപ്പാർട്ട്മെന്റ് പരീക്ഷകൾ വിജയിക്കുകയും ചെയ്തവരിൽ പ്രസ്തുത രേഖകൾ സമർപ്പിച്ചിട്ടില്ലാത്തവരുടെ സർവ്വീസ് വിശദാംശങ്ങൾ ഇതിനോടൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി 3 ദിവസത്തിനുള്ളിൽ ഇ-മെയിൽ മുഖേനെ wcdestablishment2017@gmail.comഎന്ന വിലാസത്തില് ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാന് നിർദ്ദേശിക്കുന്നു. ഒരു കോപ്പി തപാൽ മുഖേനെയും ലഭ്യമാക്കേണ്ടതാണ്.

ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ച് വ്യക്തമായ രേഖപ്പെടുത്തലുകൾ പ്രൊഫോർമയിൽ വരുത്തുന്നതിനും ആവശ്യമായ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നതിനും കാര്യാലയ മേധാവികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടാത്ത ജീവനക്കാരുടെ വിവരങ്ങളും, സീനിയർ ക്ലാർക്ക് ഉദ്യോഗക്കയറ്റത്തിന് യോഗ്യതാ പരീക്ഷയിൽ ഇളവുള്ള ജീവനക്കാരുടെ വിവരങ്ങളും അനുബന്ധ രേഖകൾ സഹിതം കാര്യാലയ മേധാവിമാർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

SENIOR ADMINISTRATIVE OFFICER

**വനിതാ-ശിശു വികസന ഡയറക്ടർക്കു വേണ്ടി**

<u>പകർപ്പ്</u>

1) എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2) സൂപ്രണ്ട് ഐ.റ്റി സെൽ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്).
3) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

## പ്രൊഫോർമ

| | | |
|---|---|---|
| 1 | ജീവനക്കാരന്റെ പേര്<br>PEN<br>സീനിയോരിറ്റി നമ്പര് | |
| 2 | ജനന തീയതി | |
| 3 | SC/ST വിഭാഗത്തില് ഉള്പ്പെട്ടിട്ടുള്ളയാളാണോ | |
| 4 | ഡിപ്പാര്ട്ട്മെന്റൽ ടെസ്റ്റ് യോഗ്യത<br>(MOP, ACCOUNT TEST L/H)<br>(സാക്ഷ്യപ്പെടുത്തിയ പകര്പ്പുകള് ഉള്ളടക്കം ചെയ്യുക) | |
| 5 | ജോലിയില് പ്രവേശിച്ച നിയമന ഉത്തരവ് നമ്പരും തീയതിയും | |
| 6 | ജോലിയില് പ്രവേശിച്ച തീയതി | |
| 7 | നിയമനം റഗുലറൈസ് ചെയ്ത പ്രാബല്യ തീയതി, ഉത്തരവ് നമ്പരും തീയതിയും | |
| 8 | പ്രൊബേഷന് പൂര്ത്തീകരിച്ച പ്രാബല്യ തീയതി, ഉത്തരവ് നമ്പരും തീയതിയും | |

## സാക്ഷ്യ പത്രം

ശ്രീ/ശ്രീമതി________________________നെ/യെ സംബന്ധിച്ച് പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങൾ ടിയാന്റെ സേവന പുസ്തകം പരിശോധിച്ച് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും നൽകിയിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

കാര്യാലയ മേധാവിയുടെ ഒപ്പ്/തീയതി

ഉദ്യോഗപ്പേര് :

ഓഫീസ് സീൽ :